(4) ബാങ്കിൽ നിന്നും ചെക്ക് മടങ്ങിയതായുള്ള അറിയിപ്പ് കിട്ടി 30 ദിവസത്തിനകം വായ്പക്കാരന്, നിയമ നടപടികൾ സ്വീകരിക്കുമെന്ന അറിയിപ്പ് നൽകുന്നു.

(5) വക്കീൽ നോട്ടീസ് നല്കി 15 ദിവസത്തിനകവും വായ്പക്കാരൻ തിരിച്ചടവ് നടത്തിയില്ലെങ്കിൽ, കമ്പനി വക്കീൽ മുഖേന 'നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട്' പ്രകാരം ബഹുമാനപ്പെട്ട മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യുന്നു.

(സി) അടുത്ത അഞ്ച് വർഷത്തേക്ക് ഏകദേശം 900 കോടി രൂപയുടെ വായ്പ അനുവദിക്കുവാൻ കമ്പനി ഉദ്ദേശിക്കുന്നു.

കെ.ടി.ഡി.എഫ്.സി. ജീവനക്കാരുടെ നിയമനം

94 [2866] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര ജീവനക്കാരെ താല്കാലികാടിസ്ഥാനത്തിൽ നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരിൽ ഏതെങ്കിലും വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരെയാണ് സ്ഥിരപ്പെടുത്തിയത്;

(സി) ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇവരെ സ്ഥിരപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ നടപടി ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏകദേശം 65-ഓളം പേരെ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) താത്കാലികാടിസ്ഥാനത്തിൽ നിയമിച്ച ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്.

(ഇ) ഇതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly